ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 26.07.2026**

## പ്രധാനവാർത്തകൾ

1. ഇന്ന് കാർഗിൽ വിജയ് ദിവസ്. കാർഗിൽ യുദ്ധത്തിൽ വെല്ലുവിളികളെ മനോധൈര്യത്തോടെ നേരിട്ട സൈനികരെ മൻ കി ബാത്തിൽ അനുസ്മരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. ഇന്ത്യയുടെ പ്രതിരോധ ഉപകരണങ്ങളിലും സാങ്കേതികവിദ്യയിലും ലോകത്തിന്റെ ആത്മവിശ്വാസം വർദ്ധിച്ചിരിക്കുകയാണെന്ന് പ്രധാനമന്ത്രി ; ജലസംരക്ഷണത്തിനുള്ള ക്യാച്ച് ദി റെയിൻ പ്രചാരണം ഭാവി തലമുറയ്ക്കുള്ള സ്വത്തെന്നും പരാമർശം.

3. സംസ്കൃത അക്ഷരങ്ങളെ ഫുട്ബോളിലെ വാക്കുകളുമായി ബന്ധിപ്പിച്ച് പരിശീലിപ്പിക്കുന്ന കേരളത്തിലെ അക്ഷര കംദുകം ക്ലബിന് മൻ കി ബാത്തിൽ അഭിനന്ദനം.

4. കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ചുമതലയേറ്റെടുത്തു ; പൊതു പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള ഭേദഗതി ബിൽ, നാളെ ലോക്സഭയിൽ.

5. വടക്കു - പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ടു ; സംസ്ഥാനത്ത് നാളെ മുതൽ മഴ ശക്തമാകാൻ സാധ്യത ; ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത .

RNU TVPM

6. ഇന്ത്യ - സിംബാബ്വെ ടി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്.

*****************************

## മൻ കി ബാത് - കാർഗിൽ ഇൻട്രോ

കാർഗിൽ വിജയ് ദിവസിൽ ധീരസൈനികർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. കാർഗിലിലെ കഠിനമായ കാലാവസ്ഥ, ശത്രുവിന്റെ വെല്ലുവിളികൾ തുടങ്ങിയവ മനോധൈര്യത്തോടെ നേരിട്ട സൈനികരെ അനുസ്മരിക്കുന്നതായും മൻ കി ബാത്തിന്റെ 136-ാം പതിപ്പിൽ അദ്ദേഹം പറഞ്ഞു. സുരക്ഷിതവും, കഴിവുറ്റതും, ആത്മനിർഭരവുമായ ഭാരതം കെട്ടിപ്പടുക്കാനുള്ള ദൃഢനിശ്ചയം ശക്തിപ്പെടുത്തണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

(വോയിസ്)

*****************************

## മൻ കി ബാത്ത് - മിസൈൽ

ഇന്ത്യയുടെ പ്രതിരോധ ഉപകരണങ്ങളിലും സാങ്കേതിക വിദ്യയിലും ലോകത്തിന്റെ ആത്മവിശ്വാസം വർദ്ധിച്ചു കൊണ്ടിരിക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഡി.ആർ.ഡി.ഒയുടെ കുശ മിസൈൽ പരീക്ഷണവും പ്രതിരോധ ഉൽപ്പാദനത്തിലും കയറ്റുമതിയിലും കൈവരിച്ച പുരോഗതിയും ഐഎൻഎസ് മഹേന്ദ്രഗിരിയുടെ കമ്മീഷനിങ്ങും ഇതിന് ഉദാഹരണമായി അദ്ദേഹം ചൂണ്ടിക്കാട്ടി. തദ്ദേശീയമായി നിർമ്മിച്ച യുദ്ധ കപ്പലുകളും പ്രതിരോധ ഉപകരണങ്ങളും ആത്മ നിർഭർ ഭാരതിന്റെ വളരുന്ന ശക്തിയുടെ പ്രതീകമാണ്. ശാസ്ത്രജ്ഞരുടെയും എഞ്ചിനീയർമാരുടെയും കൂട്ടായ കഠിനാധ്വാനമാണ് ഈ വിജയത്തിന് പിന്നിലെന്നും പ്രധാനമന്ത്രി പറഞ്ഞു.

RNU TVPM

*****************************

## <u>മൻ കി ബാത് - ക്യാമ്പെയിൻ ( ഇൻട്രോ)</u>

മഴവെള്ള സംഭരണത്തിനായി ആരംഭിച്ച ക്യാച്ച് ദി റെയിൻ ക്യാമ്പെയിൻ ജനങ്ങൾ ആവേശത്തോടെ ഏറ്റെടുത്തതിൽ ഏറെ സന്തോഷമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഓരോ തുള്ളി വെള്ളവും സംരക്ഷിക്കണമെന്നും ഇത് വരും തലമുറകളുടെ ഭാവിയിലേക്കുള്ള ഏറ്റവും വലിയ സ്വത്താണെന്നും അദ്ദേഹം മൻ കി ബാത്തിൽ പറഞ്ഞു.

(വോയിസ് - പി എം)

'ഏക് പേഡ് മാ കേ നാം' കാമ്പെയ്നിലൂടെ, രാജ്യത്തുടനീളമുള്ള ആളുകൾ പ്രകൃതിയോടുള്ള ഉത്തരവാദിത്തം നിറവേറ്റുകയാണെന്നും അദ്ദേഹം പറഞ്ഞു. ജീവിതത്തിലെ സവിശേഷ സന്ദർഭങ്ങളെ പ്രകൃതിയുമായി ബന്ധിപ്പിക്കാൻ ശ്രമിക്കണമെന്നും ഈ കാമ്പെയ്ൻ വരും തലമുറകൾക്ക് ശുദ്ധവായുവും മനോഹരമായ ഭാവിയും ഒരുക്കുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

RNU TVPM

*****************************

## <u>മൻ കി ബാത്ത് - കൈത്തറി</u>

ദേശീയ കൈത്തറി ദിനം അടുത്ത മാസം ആഘോഷിക്കാനിരിക്കെ രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം അഭിമാനത്തോടെ സംരക്ഷിക്കുന്ന ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സംഭാവനകളെ കുറിച്ച് പ്രധാനമന്ത്രി പറഞ്ഞു. കരകൗശല വസ്തുക്കൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ നെയ്ത്തുകാരെ ആദരിക്കാൻ അദ്ദേഹം അഭ്യർത്ഥിച്ചു. കൈത്തറിയിൽ നിർമ്മിക്കുന്ന ഓരോ വസ്ത്രവും ഒരു പ്രദേശത്തിന്റെയും, ഒരു സമൂഹത്തിന്റെയും കഥയാണ് പറയുന്നത്. കേരളത്തിലെ

പരമ്പരാഗത കസവു കലയെ സംരക്ഷിക്കുന്നതിനെ കുറിച്ചും പ്രധാനമന്ത്രി പറഞ്ഞു.

***************************

## മൻ കി ബാത്ത് - കായികം (ഇൻട്രോ)

കായികമേഖലയിൽ രാജ്യം കൈവരിച്ച നേട്ടങ്ങളെ കുറിച്ചും മൻ കി ബാത്തിൽ പരാമർശമുണ്ട്. രാജ്യത്തെ യുവജനങ്ങൾ കായികരംഗത്ത് നിരവധി ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്നും ജപ്പാൻ ഓപ്പൺ കിരീടം, ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിന്റെ ലോഡ്സ് ടെസ്റ്റ് ജയം ഇവയെല്ലാം ഓരോ പൗരനും അഭിമാനമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. കേരളത്തിലെ എറണാകുളത്തെ സൗത്ത് ചിറ്റൂരിൽ പ്രവർത്തിക്കുന്ന സ്കൂളിൽ സംസ്കൃത അക്ഷരങ്ങളെ ഫുട്ബോളിലെ വാക്കുകളുമായി ബന്ധിപ്പിച്ച് പരിശീലിപ്പിക്കുന്ന അക്ഷര കംദുകം ക്ലബിനെ കുറിച്ച് അദ്ദേഹം മൻ കി ബാത്തിൽ പറഞ്ഞു.

(വോയിസ് -പി എം)

RNU TVPM

***************************

## മൻ കി ബാത്ത്- അഭിലാഷ് (ഇൻട്രോ)

സംസ്കൃതഭാഷ പഠനം രസകരമാക്കുന്നതിനായുള്ള തന്റെ ശ്രമങ്ങൾ പ്രധാനമന്ത്രി മൻ കി ബാത് പരിപാടിയിലൂടെ ലോകത്തെ അറിയിച്ചതിൽ ഏറെ സന്തോഷവും അഭിമാനവുമുണ്ടെന്ന് എറണാകുളം ജില്ലയിലെ സൗത്ത് ചിറ്റൂർ സെന്റ് മേരീസ് യു പി സ്കൂൾ സംസ്കൃത അധ്യാപകനായ അഭിലാഷ് ടി പ്രതാപ് ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയ്സ്)

***************************

## മൻ കി ബാത്ത് - ഉപസംഹാരം

പരിസ്ഥിതിക്ക് വെല്ലുവിളിയായ പ്ലാസ്റ്റിക് ശരിയായ രീതിയിൽ സംസ്കരിക്കേണ്ടതിന്റെ ആവശ്യകത പ്രധാനമന്ത്രി ഓർമിപ്പിച്ചു. ഗണേശോത്സവത്തിന് വീടുകളിൽ മണ്ണിൽ നിർമ്മിച്ച ഗണേശ വിഗ്രഹം സ്ഥാപിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഈ വർഷവും "ഹർ ഘർ തിരംഗ" കാമ്പയിൻ പൂർണ്ണ ആവേശത്തോടെ മുന്നോട്ട് കൊണ്ടുപോകണമെന്നും ഇത്തവണയും MyGov-ൽ നിർദ്ദേശങ്ങൾ പങ്കുവെക്കണമെന്നും അഭ്യർത്ഥിച്ച് കൊണ്ടാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി മൻ കി ബാത്തിന്റെ 136-ാം പതിപ്പ് ഉപസംഹരിച്ചത്.

***************************

## ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....**

**(ബ്രേക്ക്)**

***************************

## കാർഗിൽ വിജയ് ദിവസ്

1999-ലെ കാർഗിൽ യുദ്ധത്തിൽ ജീവൻ ബലി അർപ്പിച്ച ധീര സൈനികരുടെ ഓർമ്മ പുതുക്കി രാജ്യം ഇന്ന് കാർഗിൽ വിജയ് ദിവസ് ആചരിക്കുന്നു. പാകിസ്ഥാനുമേൽ ഇന്ത്യ നേടിയ ചരിത്രവിജയത്തിൻറെ 27-ാം വാർഷികം കൂടിയാണ് ഇന്ന്. ധീര സൈനികർക്ക് രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ ശ്രദ്ധാഞ്ജലി അർപ്പിച്ചു. ലഡാക്കിലെ യുദ്ധ സ്മാരകത്തിൽ രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്, മുതിർന്ന സൈനിക ഉദ്യോഗസ്ഥർ എന്നിവർ ധീരജവാന്മാർക്ക് പ്രണാമം അർപ്പിച്ചു.

***************************

RNU TVPM

## വികസിത് വൈബ്രന്റ് വില്ലേജ്

'വികസിത് വൈബ്രന്റ് വില്ലേജ് പരിപാടിയിൽ പങ്കെടുത്ത യുവജനങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ സംവദിക്കും. രാജ്യത്തിന്റെ അതിർത്തി ഗ്രാമങ്ങളെ ഇന്ത്യയുടെ 'പ്രഥമ ഗ്രാമങ്ങളായി' പരിഗണിക്കാനും, വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ അവരെ പങ്കാളികളാക്കാനുമുള്ള ലക്ഷ്യത്തോടെ 'മൈ ഭാരത്' ആണ് പരിപാടി സംഘടിപ്പിച്ചത്.

*****************************

## പ്രൾഹാദ് ജോഷി സ്ഥാനമേറ്റു

കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ചുമതലയേറ്റെടുത്തു. നീറ്റ് ചോദ്യപേപ്പർ ചോർച്ച വിഷയത്തിൽ കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ രാജി വെച്ചതിനെ തുടർന്നാണ് ശ്രീ.പ്രൾഹാദ് ജോഷിക്ക് വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ അധിക ചുമതല നൽകിയത്. നിലവിൽ ഉപഭോക്തൃ - പൊതുവിതരണ - പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ ചുമതലയും അദ്ദേഹം വഹിക്കുന്നുണ്ട്.

RNU TVPM

*****************************

## പാർലമെൻറ് - ബിൽ

പൊതു പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള ഭേദഗതി ബിൽ, നാളെ ലോക്സഭയിൽ അവതരിപ്പിക്കും. ഇത് സംബന്ധിച്ച , 2024 ലെ നിയമം ഭേദഗതി ചെയ്യുന്നതിനാണ് ബിൽ ലക്ഷ്യമിടുന്നത്. കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ് ബിൽ അവതരിപ്പിക്കും. ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതിനും ചോദ്യ പേപ്പർ ചോർച്ച, പരീക്ഷാ ക്രമക്കേടുകൾ എന്നിവയിൽ കർശനമായ ശിക്ഷ ഉറപ്പാക്കുന്നതിനുമുള്ള കരട് ബില്ലിന് കഴിഞ്ഞ ദിവസം കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയിരുന്നു.

****************************

## പ്രിയദർശിനി-മന്ത്രി സി.പി ജോൺ

കെ എസ് ആർ ടി സി പ്രിയദർശിനി ബസിൽ കയറുന്ന പുരുഷൻമാർക്ക് ഫ്രീ ടിക്കറ്റ് നൽകിയാൽ ജീവനക്കാർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് മന്ത്രി സി.പി ജോൺ. പ്രിയദർശിനി സൗജന്യ യാത്ര പദ്ധതി സംസ്ഥാന സർക്കാരിന്റെ സ്ത്രീ ശാക്തീകരണ പദ്ധതിയാണെന്ന് അദ്ദേഹം കണ്ണൂരിൽ വ്യക്തമാക്കി. കെ എസ് ആർ ടി സി സ്ഥിരമായ വരുമാനം നിലനിർത്തുന്നുണ്ടെന്നും ഗതാഗത മന്ത്രി അറിയിച്ചു.

****************************

## ബസ് അപകടം

മലപ്പുറം കുറ്റിപ്പുറത്ത് ബസ് തലകീഴായി മറിഞ്ഞ് ഒരാൾ മരിച്ചു. കോഴിക്കോട് സ്വദേശി വൈഷ്ണവാണ് മരിച്ചത്. നിരവധി പേർക്ക് പരിക്കേറ്റു. കോഴിക്കോട് - തൃശൂർ റൂട്ടിലെ ബസ്സാണ് അപകടത്തിൽ പെട്ടത്.

RNU TVPM

****************************

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് നാളെ മുതൽ മഴ ശക്തിപ്രാപിക്കും. ആറ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് നാളെ മഞ്ഞ ജാഗ്രത മുന്നറിയിപ്പ് നൽകി. വടക്കു - പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലും അതിനോട് ചേർന്നുള്ള പശ്ചിമ ബംഗാൾ - വടക്കൻ ഒഡീഷ തീരങ്ങൾക്കും മുകളിലായി ന്യൂനമർദ്ദം രൂപപ്പെട്ടു. വരും ദിവസങ്ങളിൽ ഇത് കൂടുതൽ ശക്തി പ്രാപിക്കാൻ സാധ്യതയുണ്ട്.

****************************

## ടി-20 ക്രിക്കറ്റ്

ഇന്ത്യ - സിംബാബ്‌വെ ടി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്. വൈകിട്ട് 4.30 ന് ഹരാരയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ 90 റണ്ണിന് ഇന്ത്യ വിജയിച്ചു. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 2 - 0 ത്തിന് മുന്നിലാണ്.

****************************

## ഐ ടി - മന്ത്രി എൻ.ഷംസുദ്ദീൻ

സാങ്കേതികവിദ്യ കുട്ടികൾക്ക് ലഭ്യമാക്കുന്നതോടൊപ്പം ഡിജിറ്റൽ സുരക്ഷയും ഉറപ്പാക്കുമെന്നും മന്ത്രി എൻ.ഷംസുദ്ദീൻ. ഇതിനായി സ്കൂളുകളിൽ സൈബർ സേഫ്റ്റി കമ്മിറ്റികൾ രൂപീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

*********************************************************

****************************

RNU TVPM